# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4285** — **24.06.2019-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾ ഇവിടുത്തെ തൊഴിൽ സ്ഥലങ്ങളിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ (തുല്യവേതനമില്ലാത്ത അവസ്ഥ, താമസിക്കുന്ന സ്ഥലങ്ങളിലെ മോശം സാഹചര്യങ്ങളുടെ പരിതാപകരമായ അവസ്ഥ, വൃത്തിഹീനമായ അന്തരീക്ഷം, മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാത്ത അവസ്ഥ) പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനം ലഭിക്കാൻ അർഹതയുണ്ട്. കൂലി കുറച്ച് ലഭ്യമാകുന്നതായി ഇതരസംസ്ഥാന തൊഴിലാളികളിൽ നിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരാതിപ്പെടുന്നതിനും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നു.<br><br>ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 03.08.2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് "അപ്നാഘർ" പദ്ധതി. ഇതര സംസ്ഥാന |

തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

| | |
|---|---|
| (ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ കുറഞ്ഞ വേതന നിരക്കും മൂലം നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത അവസ്ഥയുണ്ടായിത്തീരുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ കുറഞ്ഞ വേതന നിരക്കും മൂലം നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.